**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3345** **01-03-2023 - ൽ മറുപടിയ്ക്ക്**

**1971-ന് മുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്ന കുടുംബങ്ങൾക്ക് പട്ടയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ** | | **ശ്രീ. കെ. രാജൻ (റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 1971-ന് മുമ്പ് ഭൂമി കൈവശം വച്ചിരിക്കുന്നതായ കുടുംബങ്ങൾക്ക് നിയമപ്രകാരമുള്ള രേഖകളുടെ അഭാവം മൂലം ഇപ്പോഴും പട്ടയമില്ലാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള എത്ര കുടുംബങ്ങൾക്ക് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പട്ടയം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിലുള്ള 16,826 കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (സി) | കോളനികളിൽ നിലനിൽക്കുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിക്കാൻ പ്രത്യേക നടപടികൾ സ്വീകരിക്കുമോ? | (സി) | കോളനികളിൽ നിലനിൽക്കുന്ന പട്ടയ പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതിന് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശ പ്രകാരം പട്ടയ മിഷൻ എന്ന പദ്ധതി ആവിഷ്കരിച്ച് നടപടി സ്വീകരിച്ചു വരുന്നു. റവന്യൂ റിക്കാർഡ് പരിശോധിച്ച് ഭൂമികളുടെ സ്വഭാവം മനസ്സിലാക്കി, സർക്കാർ ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട ഭൂമി പതിവ് ചട്ട പ്രകാരം പട്ടയം നൽകാൻ നടപടി സ്വീകരിയ്ക്കുന്നുണ്ട്. മറ്റു വകുപ്പുകളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള ഭൂമിയാണെങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് സമ്മത പത്രം ലഭ്യമാക്കിയതിന് ശേഷം നിയമാനുസൃത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ